# മലങ്കരസഭ അനിവാര്യമായ പിളർപ്പിലേക്കും വിഭജനത്തിലേക്കുമോ? പ.പാത്രിയർക്കീസ് ബാവാ എഴുന്നള്ളിവന്നത് പിളർപ്പ് പ്രഖ്യാപിക്കാനോ?

**ആമുഖം**

പ.അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ മലങ്കരസഭാ സന്ദർശനം മലങ്കരസഭയിൽ നടക്കാൻ പോകുന്ന വലിയ വിഭജനത്തിന്റെയും വേർപിരിയലിന്റെയും ശംഖൊലി മുഴക്കുകയാണോ ചെയ്തത് എന്ന ആശങ്ക അനേക സഭാവിശ്വാസികളിൽ ഉണ്ടായിട്ടുണ്ട്. യാക്കോബായക്കാർക്ക് ഇപ്പോൾ അവർ ആരാധിക്കുന്ന പള്ളികളിൽനിന്ന് ഇറങ്ങിപ്പോരേണ്ട സാഹചര്യം ഉണ്ടായി, പള്ളികൾ നഷ്ടപ്പെടുന്ന അവസ്ഥ ഉണ്ടായാൽ പുതിയ പള്ളികൾ പണിയുന്നതിന് എല്ലാ സഹായവും ചെയ്യും. ഒരു വിശ്വാസിയെങ്കിലും ഉണ്ടെങ്കിൽ അവർക്കൊപ്പം അന്ത്യോഖ്യൻ സിംഹാസനം നിലകൊള്ളുമെന്നും പാത്രിയർക്കീസ് പ്രഖ്യാപിക്കുകയുണ്ടായി. സഭ യോജിച്ച് ഒന്നായി സഭാസമാധാനം ഉണ്ടാകുവാനുള്ള എല്ലാ സാധ്യതകളും അടഞ്ഞതായാണ് പ.പാത്രിയർക്കീസ് ബാവായുടെ ഇത്തവണത്തെ പ്രസംഗങ്ങൾ സൂചിപ്പിക്കുന്നത്. ആ സാധ്യതകൾ ഇല്ലാതാക്കിയത് ഓർത്തഡോക്സ് സഭയാണ് എന്ന ഒരു ആരോപണവും പാത്രിയർക്കീസിന്റെ പ്രസംഗങ്ങളിൽ കേൾക്കുന്നുണ്ട്.

1889-ലെ റോയൽകോടതിവിധി മലങ്കരസഭയ്ക്ക് (അതായത് അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കീഴിൽ ഇന്നത്തെ ഓർത്തഡോക്സ് യാക്കോബായ വിഭാഗങ്ങൾ ഒന്നിച്ചുനിന്നുള്ള സഭ - യാക്കോബായ സഭ എന്നായിരുന്നു അത് അറിയപ്പെട്ടിരിക്കുന്നത്) പരിപൂർണ്ണമായും അനുകൂലമായിരുന്നു. കോഴഞ്ചേരി, മാരാമൺ, കൊട്ടാരക്കര തുടങ്ങി വിരലിലെണ്ണാവുന്ന പള്ളികൾ മാത്രം മാർത്തോമ്മാസഭയ്ക്ക് (നവീകരണ വിഭാഗത്തിന്) ലഭിച്ച് അവർ ആരാധിച്ചുകൊണ്ടിരുന്ന പള്ളികളിൽനിന്നൊക്കെ പുറത്തുപോകേണ്ടിവന്നു. അവർ പുതിയ പള്ളികൾ പണിതു, പുതിയ സഭയായി. ഇന്ന് കേരളത്തിലെ പ്രബലമായ ഒരു ക്രൈസ്തവ സഭാവിഭാഗമായി നിലനിൽക്കുന്നു. ഒരു മാർത്തോമ്മാക്കാരൻ എഴുതിയ ഒരു കുറിപ്പ് കഴിഞ്ഞദിവസം വാട്ട്സ്ആപ്പിൽ കാണുകയുണ്ടായി.

"1838-ൽ മാരാമൺ പള്ളിയിൽ അബ്രഹാം മല്പാൻ സുറിയാനിയിൽനിന്ന് മലയാളത്തിലേക്ക് തർജ്ജമപ്പെടുത്തിയ കുർബ്ബാനക്രമം ഉപയോഗിച്ച് കുർബ്ബാന ചൊല്ലിയ നാൾ മുതൽ ആരംഭിച്ച വേർപിരിയൽ പ്രക്രിയ 1889-ൽ തിരുവനന്തപുരം കോടതിയുടെ (തിരുവിതാംകൂർ റോയൽകോടതി) വിധിപ്രഖ്യാപനത്തോടെ പൂർത്തിയായി. ഈ കാലഘട്ടത്തിൽ എല്ലാം മലങ്കരസഭ പിളർപ്പിന്റെ വഴിത്താരയിലൂടെ പ്രയാണം ചെയ്യുകയായിരുന്നു. ഇന്ന് പല പട്ടക്കാരും സഭാനേതാക്കളും പഠിപ്പിക്കുന്നതുപോലെ യാക്കോബായസഭയിൽനിന്ന് പുതിയതായി ആരംഭിച്ച ഒരു സഭയല്ല മാർത്തോമ്മാസഭ. മലങ്കര സുറിയാനി സഭ രണ്ടായി പിളരുകയായിരുന്നു. നാട്ടുകാർ വിളിക്കാനുള്ള സൗകര്യത്തിനായി, കോട്ടയത്തെ ആസ്ഥാനം നഷ്ടപ്പെട്ട് തിരുവല്ലായിൽ ആസ്ഥാനം നേടിയവരെ പുത്തൻകൂറ്റുകാർ എന്ന് വിളിച്ചു. ഒരു കൂട്ടർ പുത്തൻകൂറ്റുകാർ ആയപ്പോൾ മറുകൂട്ടർ സ്വാഭാവികമായും പഴയകൂറ്റുകാർ ആയി. അവരാണ് ഇന്നത്തെ യാക്കോബായ സഭ. (പിന്നീട് അത് പിളർന്നു യാക്കോബായ സഭാവിഭാഗവും ഓർത്തഡോക്സ് സഭാവിഭാഗവും ആയി മാറി)

സ്വത്തുകൾ നഷ്ടപ്പെട്ട് വഴിയാധാരമായവർക്ക്, വിശ്വാസതീവ്രതയും നവീകരണാഭിമുഖ്യവും മാത്രമായിരുന്നു കൈമുതൽ. തുറന്ന വേദപുസ്തകത്തിലേക്കു മിഴികളൂന്നിയ പുത്തൻകൂറ്റുകാർക്കു തിരുവചനത്തിന്റെ അത്ഭുതസത്യങ്ങൾ തിരിച്ചറിയുന്നതിനു സാധിച്ചു. അതിലൂടെ അടിയുറച്ച ദൈവവിശ്വാസം പ്രാപിക്കുന്നതിനും കഴിഞ്ഞു.

കോടതിവിധിയിലൂടെ കോഴഞ്ചേരി പള്ളിയും മാരാമൺ പള്ളിയും നേടിയപ്പോൾ കൊട്ടാരക്കര പള്ളി നേരിട്ട് ലഭിച്ചു. കൂടാതെ അഞ്ചു പള്ളികളിൽ ഒന്നിടവിട്ട ഞായറാഴ്ചകളിൽ ആരാധിക്കുവാൻ അവസരം ലഭിച്ചു.

പള്ളികളും സ്വത്തുക്കളും നഷ്ടപ്പെട്ട നവീകരണക്കാർക്കു താൽക്കാലിക ഓലഷെഡ്ഡുകളായിരുന്നു ആരാധനാലയം. ഭൗതീകപരമായി ഈ നഷ്ടം സംഭവിച്ചതാണ്, മാർത്തോമ്മാ സഭയുടെ ആത്മികവളർച്ചയ്ക്കു മുതൽക്കൂട്ടായത്. ഒന്നുമില്ലായ്മയിൽനിന്നും ഉണ്മയിലേക്ക് നയിക്കുന്ന സർവ്വശക്തനായ ദൈവത്തിലേക്ക് ഒരു മനസ്സോട് മുഖം തിരിച്ച നവീകരണക്കാരെ ദൈവം തന്റെ പച്ചയായ പുല്പുറങ്ങളിലേക്ക് നയിച്ചു.

എല്ലാം ദൈവം നൽകി. പള്ളികളും സമ്പത്തുകളും വാരിക്കോരി നൽകി. ഇന്ന് കേരളത്തിലെ സമ്പന്നരുടെ സഭ എന്നുപോലും മാർത്തോമ്മാസഭ അറിയപ്പെടുന്നു."

**മലങ്കരസഭയുടെ ഇന്നത്തെ അവസ്ഥ**

മർത്തോമ്മാക്കാർ പിരിഞ്ഞുപോയ അതേ അവസ്ഥാവിശേഷത്തിലാണ് ഇന്ന് മലങ്കരസഭ എത്തിനിൽക്കുന്നത് എന്നുപറയാം. മാർത്തോമ്മാക്കാർ പുറത്തുപോയപ്പോൾ അവിടെ വിശ്വാസപരമായ വ്യത്യാസവും ആരാധനാകാര്യങ്ങളിലും ശുശ്രൂഷാനുഷ്ഠാനകാര്യങ്ങളിലും വ്യത്യാസവുമുണ്ടായിരുന്നു. എന്നാൽ ഇന്ന് മലങ്കരസഭയിലെ ഓർത്തഡോക്സ് യാക്കോബായ വിഭാഗങ്ങൾ തമ്മിൽ വിശ്വാസപരമായോ, ആരാധനാപരമായോ ശുശ്രൂഷാനുഷ്ഠാനങ്ങളുടെ കാര്യത്തിലോ യാതൊരു വ്യത്യാസവും ഇല്ല. ഒരു സഭയാണ്. ഓർത്തഡോക്സുകാരും യാക്കോബായക്കാരും തമ്മിൽ പരസ്പര കൂദാശാബന്ധമുണ്ട്. ഇരുവിഭാഗങ്ങളിലുംപെട്ട പള്ളികളിൽപോയി ഇരുകൂട്ടരും വി.കുർബ്ബാന അനുഭവിക്കുകയും മാമോദീസായും വിവാഹകൂദാശകളും നടത്തുകയും ചെയ്യുന്നുണ്ട്. ആ സഭയാണ് സുപ്രീംകോടതിയിലേയും ഹൈക്കോടതിയിലേയും വളരെ ഉന്നതരും പ്രശസ്തരുമായ പല ന്യായാധിപന്മാരും പറഞ്ഞിട്ടുള്ളതുപോലെ അധികാരവടംവലിയുടെപേരിലും കുമിഞ്ഞുകൂടിയിരിക്കുന്ന സ്വത്തിന്റെ പേരിലും ഭീമമായ ആസ്തിയും മുതലുമുള്ള പള്ളികളുടെ പേരിലും വിഭജിതമാ

യിരിക്കുന്നത്. അധികാരസ്ഥാനത്തിലിരിക്കുന്നവരുടെ അപക്വമായ പ്രവർത്തനങ്ങളും മത്സരബുദ്ധിയും അഹങ്കാരവും ഇതിന് കാരണമായി എന്നും ആരോപണമുണ്ട്. ദൈവത്തിന്റെ ഈ സഭയിലെ അനിവാര്യമായ ഈ പിളർപ്പ് ഒഴിവാക്കുവാൻ പ.പാത്രിയർക്കീസ് ബാവാ തിരുമേനിയും പ.കാതോലിക്കാ ബാവാ തിരുമേനിയും ശ്രേഷ്ഠ ബാവാ തിരുമേനിയും അവർ മൂവരോടും ഒപ്പം നിൽക്കുന്ന പ.സുന്നഹദോസുകളും പരാജയപ്പെട്ടിരിക്കുന്നു എന്ന കാര്യത്തിൽ എനിക്കു സംശയമില്ല. മലങ്കരസഭ പൊതുസമൂഹത്തിൽ അനുദിനം അവഹേളിക്കപ്പെടുന്നു എന്നകാര്യം സാമാന്യബോധമുള്ള ആർക്കും മനസ്സിലാകുകയും ചെയ്യും.

മാർത്തോമ്മാ സഭ വിഭജിതമാകുന്ന സന്ദർഭത്തിൽ 1876-1889 കാലഘട്ടത്തിൽ നൂറ്റിഎൺപതോളം പള്ളികളും അതിനുതക്ക ജനസംഖ്യയും മാത്രമായിരുന്നു മലങ്കരസഭയിൽ ഉണ്ടായിരുന്നത്. അതിൽ മുപ്പതുശതമാനത്തോളം ആളുകളാണ് നവീകരണത്തെ പിന്തുണച്ചത്. അതിൽ ഭൂരിപക്ഷവും കോട്ടയത്തിനും കൊട്ടാരക്കരയ്ക്കും ഇടയ്ക്കു താമസിക്കുന്നവരായിരുന്നു. പെരുമ്പാവൂർ, കുന്നംകുളം പ്രദേശങ്ങളിലും കുറച്ചാളുകൾ ഉണ്ടായിരുന്നു. അവരുടെ കൂട്ടത്തിലും പുതിയ പള്ളികളും ശവക്കോട്ടകളും ഉണ്ടാക്കേണ്ടിവന്ന സാഹചര്യത്തിൽ പുറത്തുപോകുവാൻ ചിലർ വിസമ്മതിച്ചു. എന്തായാലും മലങ്കരസഭയുടെ ഇരുപത്തിയഞ്ചു ശതമാനത്തോളം ആളുകൾ പുറത്തുപോയി. ആ സഭയാണ് ഇന്ന് മലങ്കരസഭയോടൊപ്പം കിടപിടിക്കുന്ന നിലയിലേക്ക് ഉയർന്നുനിൽക്കുന്ന മാർത്തോമ്മാസഭ. എന്നാൽ ഇന്നത്തെ യാക്കോബായ ഓർത്തഡോക്സ് ഭിന്നിപ്പ് അതിൽനിന്നും വ്യത്യസ്തമാണ്. ഗവൺമെന്റും മറ്റുപല ഏജൻസികളും രാഷ്ട്രീയപാർട്ടികളും സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നത് മലങ്കരസഭയിലെ നാൽപതുശതമാനത്തിൽ അധികം ആളുകൾ യാക്കോബായ വിഭാഗത്തിൽ ആണെന്നാണ്. പള്ളികൾ നഷ്ടപ്പെട്ടാലും അവരെകൂടെ നിർത്താനാണ് പ.പാത്രിയർക്കീസ് ബാവാ ശ്രമിക്കുന്നത്.

കേരളത്തിലെ ഓർത്തഡോക്സ് യാക്കോബായ വിഭാഗങ്ങളുടെ അംഗസംഖ്യ ഏകദേശം തുല്യമാണെന്നാണ് കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിന് മുമ്പ് ഇന്ത്യൻ എക്സ്പ്രസ് പത്രം പുറത്തുവിട്ടിരിക്കുന്ന കണക്കിൽ പറയുന്നത്.

യാക്കോബായക്കാർ വ്യക്തമാക്കുന്ന നിലപാടുകളനുസരിച്ച് അവർ അവരുടെ പള്ളികൾ വിട്ടുതരാതിരിക്കാൻ ഏതറ്റംവരെയും പോരാടും. നിയമവും കോടതിവിധികളും അനുകൂലമായി നിൽക്കുന്നതുകൊണ്ട് അന്തിമവിജയം മലങ്കര ഓർത്തഡോക്സ് സഭയ്ക്കായിരിക്കും എന്ന് ഓർത്തഡോക്സ് സഭ വിശ്വസിക്കുന്നു. അക്കാര്യത്തിൽ സംശയമില്ല. ഏതുവിധേനയും നിയമപോരാട്ടം നടത്തി പള്ളികൾ കയ്യടക്കാൻ ഓർത്തഡോക്സ് സഭ ശ്രമിക്കും.

2017 ജൂലൈ മൂന്നിന് സുപ്രീംകോടതിയുടെ സുപ്രധാന വിധിയുണ്ടായി. ഓർത്തഡോക്സ് സഭ പ്രതീക്ഷിച്ചത് വിധി അനുസരിച്ച് പാത്രിയർക്കീസ് വിഭാഗം അവർ കൈവശം വെച്ചിരിക്കുന്ന പള്ളികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും നിരുപാധികം ഇറങ്ങിപ്പോകും അല്ലെങ്കിൽ ഇറങ്ങിപ്പോകേണ്ടിവരും എന്നായിരുന്നു. ആ ധാരണ അസ്ഥാനത്താണെന്നാണ് പിന്നീടുള്ള സംഭവങ്ങൾ തെളിയിച്ചത്. സുപ്രീംകോടതിവിധി വന്നപ്പോൾ പാത്രിയർക്കീസ് വിഭാഗത്തിനും ഒരു ചെറിയ ആശങ്ക ഉണ്ടായിരുന്നു, ഇറങ്ങിപ്പോകേണ്ടിവരുമെന്ന്. അക്കാര്യത്തിൽ ഇടതുപക്ഷ സർക്കാരിൽ വലിയ സ്വാധീനം ചെലുത്തി പിടിച്ചുനിൽക്കുവാൻ പാത്രിയർക്കീസ് വിഭാഗത്തിന് സാധിച്ചു. മുഖ്യമന്ത്രി പിണറായി വിജയനും എറണാകുളം ജില്ലയിലും മറ്റുമുള്ള ഇടതുപക്ഷനേതാക്കളും പരസ്യമായും രഹസ്യമായും പാത്രിയർക്കീസ് വിഭാഗത്തിന് അനുകൂലമായ നിലപാട് തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. എവിടെയെങ്കിലും ആ വിഭാഗത്തിന് എതിരെ എന്തെങ്കിലും നിലപാട് എടുത്തിട്ടുണ്ടെങ്കിൽ അത് വളരെ വ്യക്തമായ കോടതിവിധി ഉണ്ടായിട്ടുള്ളതുകൊണ്ടുമാത്രമാണ്.

**പ.പാത്രിയർക്കീസ് ബാവായുടെ നിലപാട്**

2014 മെയിൽ ആണ് ഇപ്പോഴത്തെ പാത്രിയർക്കീസ് ബാവാ സ്ഥാനമേറ്റത്. അതിനുശേഷം അദ്ദേഹം 3 തവണ (2015 ഫെബ്രുവരി, 2018 മെയ്, 2019 മെയ്) കേരളം സന്ദർശിച്ചിട്ടുണ്ട്. മലങ്കരസഭയിൽ ഭിന്നിച്ചുനിൽക്കുന്ന ഇരുവിഭാഗവും ഒന്നാകണം എന്ന് അദ്ദേഹം സ്ഥാനം ഏറ്റ ഉടനെതന്നെ പ്രഖ്യാപിക്കുകയുണ്ടായി. താൻ സമാധാനകാംക്ഷിയാണ് എന്ന സന്ദേശം അദ്ദേഹം പൊതുസമൂഹത്തിന് നൽകി. 2018-ലെ സുപ്രീംകോടതിവിധി ഉണ്ടായപ്പോൾ അദ്ദേഹം മലങ്കരസഭയുമായി ചർച്ചയ്ക്കു സന്നദ്ധത പ്രകടിപ്പിച്ചു. അതിന് അനുകൂലമായ പ്രതികരണം മലങ്കരസഭയുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല എന്നദ്ദേഹം പലതവണ പറഞ്ഞു. സുപ്രീംകോടതിവിധിക്കു ശേഷം അദ്ദേഹം വന്നപ്പോൾ തന്റെ കൂടെനിൽക്കുന്നവരെ ശക്തിപ്പെടുത്താൻ ശ്രമിച്ചു. ആ സമയത്തും മലങ്കരസഭയുമായുള്ള ചർച്ചയ്ക്ക് അദ്ദേഹം സന്നദ്ധത പ്രകടിപ്പിച്ചു. അതിന്റെ ഒക്കെ വെളിച്ചത്തിൽ പ.കാതോലിക്കാ ബാവായുടെ അറിവോടെ ഡോ.തോമസ് മാർ അത്താനാസിയോസ് (മൂവാറ്റുപുഴ) സഖറിയാ മാർ നിക്കോളാവോസ് (അമേരിക്ക) എന്നീ മെത്രാപ്പോലീത്താമാർ പാത്രിയർക്കീസിനെ സന്ദർശിച്ച് ചർച്ച നടത്തി. മാന്യമായ രീതിയിൽ ഒരു ഒത്തുതീർപ്പിന് പാത്രിയർക്കീസ് തയ്യാറാണെന്നുള്ള രീതിയിൽ പ്രതികരിച്ചതായാണറിയാൻ സാധിക്കുന്നത്. ആ മെത്രാപ്പോലീത്തന്മാർ ഇവിടെ വന്ന് കാര്യങ്ങൾ അറിയിച്ചുവെങ്കിലും തുടർനടപടികൾ ഒന്നുമുണ്ടായില്ല. സുപ്രീംകോടതിവിധിയുടെ മുകളിൽ വേറൊരു ഒത്തുതീർപ്പും ആവശ്യമില്ല, വിധി അനുസരിക്കുക, വിധി നടപ്പാക്കുക എന്ന രീതിയിലാണ് മലങ്കരസഭയുടെ പല കോണുകളിൽനിന്നും പ്രതികരണമുണ്ടായത്.

വീണ്ടും പാത്രിയർക്കീസ് മലങ്കരയിലെത്തി. അദ്ദേഹത്തിന്റെ നേരിട്ടുള്ള ഭരണത്തിൻകീഴിലുള്ള സിംഹാസന പള്ളികളുടെ ക്ഷണമനുസരിച്ചാണ് അദ്ദേഹം എത്തിയത്. മുഖ്യമന്ത്രി പിണറായി വിജയൻ സ്റ്റേറ്റ് ഗസ്റ്റായി അദ്ദേഹത്തെ സ്വീകരിക്കുവാൻ വേണ്ട എല്ലാ ക്രമീകരണങ്ങളും ചെയ്തു. സംസ്ഥാന അതിഥിയായി അദ്ദേഹം എത്തി. സുപ്രീംകോടതിവിധിയുടെ പശ്ചാത്തലത്തിൽ ഒരു തുറന്ന ചർച്ചയ്ക്ക് ഇരുകൂട്ടരും തയ്യാറാകണമെന്ന് മുഖ്യമന്ത്രി പാത്രിയർക്കീസ് ബാവായോടും കാതോലിക്കാ ബാവായോടും ആവശ്യപ്പെട്ടു. ചർച്ചയ്ക്കു തയ്യാറാണെന്നു

പാത്രിയർക്കീസ് അറിയിച്ചു. എന്നാൽ അങ്ങനെ ഒരു ചർച്ചയുടെ ആവശ്യമില്ല എന്ന നിലപാടിൽ കാതോലിക്കാ ബാവാ ഉറച്ചുനിന്നു. പാത്രിയർക്കീസ് വന്ന് അദ്ദേഹത്തിന്റെ അധികാരത്തിൻകീഴിലുള്ള ചില പള്ളികൾ മാത്രം സന്ദർശിച്ചിട്ട് സമാധാനത്തിന് താൻ തയ്യാറാണ്, ഒരുക്കമാണ് എന്ന രീതിയിലുള്ള പ്രസ്താവനകളുമിറക്കി തിരികെപോയി.

അതുകഴിഞ്ഞ് വീണ്ടും പാത്രിയർക്കീസ് ബാവാ എത്തിയത് ഈ മെയ് മാസത്തിലാണ്. അപ്പോഴും കേരളസംസ്ഥാനം സംസ്ഥാന അതിഥിയായി അദ്ദേഹത്തെ സ്വീകരിച്ചു. അദ്ദേഹത്തിന്റെകൂടെ നിൽക്കുന്ന വിഭാഗത്തെ ശക്തിപ്പെടുത്താനാണ് അദ്ദേഹം പ്രധാനമായും ശ്രദ്ധിച്ചത്. അവർക്ക് ശക്തിയും ആവേശവും പകരുന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗങ്ങളും പ്രസ്താവനകളും. സിംഹാസനപള്ളികൾ പലതും സന്ദർശിച്ചു. മലേക്കുരിശിലും മഞ്ഞനിക്കരയിലും പുത്തൻകുരിശിലും എല്ലാം അദ്ദേഹം പ്രസംഗിച്ചു. കൂദാശകൾ അനുഷ്ഠിച്ചു. അദ്ദേഹം ഒരു വിവാഹകൂദാശ ആശീർവദിച്ചു. ആ കൂദാശയിലെ മണവാട്ടി, മലങ്കരസഭയുടെ കണ്ടനാട് ഭദ്രാസനത്തിൽനിന്നുള്ള ഒരു സഭാമാനേജിംഗ് കമ്മിറ്റി അംഗത്തിന്റെ മകളായിരുന്നു. ഓർത്തഡോക്സ് സഭാംഗങ്ങളായ അനേകരും പാത്രിയർക്കീസ് ബാവായുടെ കൈമുത്തി അനുഗ്രഹം പ്രാപിച്ചു.

അതുസംബന്ധിച്ചുള്ള ഒരു വാട്ട്സ്ആപ്പ് കുറിപ്പ്

"മെയ് മാസം പാത്രിയർക്കീസ് ബാവാ വന്നപ്പോൾ നടത്തിയ കല്യാണത്തിൽ മണവാട്ടി ഓർത്തഡോക്സ് സഭയുടെ മാനേജിംഗ് കമ്മിറ്റിയംഗത്തിന്റെ മകളായിരുന്നു. ആ മകളെ ഓർത്തഡോക്സ് വിശ്വാസത്തിൽ മാമോദീസാ മുക്കിയതാണ്. വി.മൂറോൻ ഓർത്തഡോക്സ് സഭയുടെ കാതോലിക്കാ കൂദാശ ചെയ്തതായിരുന്നു. ആ കുട്ടിയെ രണ്ടാമത് മാമോദീസാ മുക്കിയല്ലല്ലോ പാത്രിയർക്കീസ് ബാവാ കെട്ടിച്ചത്. വിശ്വാസകാര്യങ്ങളിൽ തർക്കമൊന്നുമില്ലല്ലോ? ഇവിടെ തർക്കം അഡ്മിനിസ്ട്രേഷൻ സംബന്ധിച്ചാണ്. അതിന് കോടതി വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അത് അനുസരിച്ചാൽ പോരേ. ഈ പ്രശ്നങ്ങൾ എല്ലാം തീരില്ലെ."

ഈ സാഹചര്യത്തിലാണ് ഒരുതരത്തിൽ കോടതിവിധികളെപ്പോലും അവഗണിച്ചുകൊണ്ട് മലങ്കരസഭയിൽ ഇനിയും യോജിപ്പ് സാധ്യമല്ല എന്ന രീതിയിലുള്ള പാത്രിയർക്കീസ് ബാവായുടെ പ്രസ്താവന വരുന്നത്.

മലങ്കരസഭയുടെ ഒരു നല്ല വിഭാഗം (യാക്കോബായക്കാർ) അദ്ദേഹത്തോടൊപ്പമുണ്ട് എന്നതിനു സംശയമില്ല. സുപ്രീംകോടതിവിധി അനുസരിച്ചുതന്നെ ക്നാനായ (അതി)ഭദ്രാസനം, സുവിശേഷസമാജം പള്ളികൾ, അതോടൊപ്പം ബ്രഹ്മവാർ മിഷൻ, ഹോണോവാർ മിഷൻ തുടങ്ങിയ പള്ളികൾ പാത്രിയർക്കീസിന്റെ നേരിട്ടുള്ള ഭരണത്തിൻകീഴിലാണ്. യാക്കോബായ സഭയുടെ അമേരിക്കൻ ഭദ്രാസനം, ദുബായ്, മസ്ക്കറ്റ്, കുവൈറ്റ് തുടങ്ങി ഗൾഫ് രാജ്യങ്ങളിലെ പള്ളികൾ, യൂറോപ്പ്, ആസ്ട്രേലിയ തുടങ്ങിയ സ്ഥലങ്ങളിലും, കേരളത്തിനു പുറത്തുള്ള പള്ളികൾ ഇവയൊന്നും 1064 പള്ളികളുടെ കൂട്ടത്തിൽ ഉൾപ്പെട്ടതല്ല. ഇവയ്ക്കെല്ലാമായി ഇരുപതോളം മെത്രാന്മാരുണ്ട്. അവരെല്ലാം പാത്രിയർക്കീസിന്റെ നേരിട്ടുള്ള ഭരണത്തിൽ വരുന്നവരും 1934-ലെ ഭരണഘടനയുടെ നിബന്ധനകൾക്കു പുറത്തുള്ളവരും ആണ്. ഏതുസമയത്തും പാത്രിയർക്കീസിന് ഈ പള്ളികളുടെ ഭരണത്തിൽ നേരിട്ട് ഇടപെടാം. അതിനൊന്നും ഒരു കോടതിവിധിയും എതിരല്ല. കേരളത്തിലെ മിക്കവാറും എല്ലാ ഇതരസഭകളും, സമുദായങ്ങളും രാഷ്ട്രീയപാർട്ടികളുമായും പാത്രിയർക്കീസ് ബാവായ്ക്കും പാത്രിയർക്കീസ് കക്ഷിയ്ക്കും ബന്ധമുണ്ട്. തെരഞ്ഞെടുപ്പ് കാലത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെ പല പ്രമുഖ നേതാക്കളും ശ്രേഷ്ഠ ബാവായെ സന്ദർശിച്ച് പിന്തുണ ഉറപ്പാക്കി, യുഡിഎഫ് നേതാക്കളും അപ്രകാരം ചെയ്തു. പാത്രിയർക്കീസ് ബാവാ വന്നപ്പോൾ ഇടതുവലതു ഭേദമന്യെ നേതാക്കന്മാർ അദ്ദേഹത്തെ സന്ദർശിച്ചു ഭക്ത്യാദരവുകൾ പ്രകടിപ്പിച്ചു. അണികളുടെ ആവേശവും സർക്കാരിന്റെയും ഭരണകക്ഷിയുടെയും പ്രതിപക്ഷത്തിന്റെയും പിന്തുണയും പാത്രിയർക്കീസ് ബാവായുടെ ആത്മവിശ്വാസം വർദ്ധിപ്പിച്ചതിന്റെ പശ്ചാത്തലത്തിൽ കൂടിയാണ് അദ്ദേഹം ഈ രീതിയിൽ പ്രതികരിച്ചതെന്നു തോന്നുന്നു.

വാസ്തവത്തിൽ ഇത് സഭാവിഭജനത്തിന്റെ അനിവാര്യമായ ഒരു കാൽവെയ്പ്പാണ്.

**പ.കാതോലിക്കാ ബാവായുടെ നിലപാട്**

ഈ പശ്ചാത്തലത്തിൽ മലങ്കരസഭ കൈക്കൊണ്ടിരിക്കുന്ന നിലപാടുകളെക്കുറിച്ചും പറയേണ്ടിയിരിക്കുന്നു. എന്തുവിലകൊടുത്തും മലങ്കരസഭയുടെ സ്വാതന്ത്ര്യവും, സ്വയംശീർഷകത്വവും പൂർണ്ണമായി സംരക്ഷിക്കും എന്ന നിലപാടാണ് കാതോലിക്കാ ബാവാ സ്വീകരിച്ചിരിക്കുന്നത്. മലങ്കരസഭ വിദേശാധിപത്യത്തിലേക്ക് പോകരുത്. ഇനി ഒരിക്കലും ഈ സഭയുടെമേൽ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാരം ഉണ്ടാകുവാൻ പാടില്ല എന്നൊക്കെയാണ് അദ്ദേഹത്തിന്റെ പരസ്യമായ നിലപാടുകൾ. സുപ്രീംകോടതിവിധി അനുസരിക്കുവാൻ അദ്ദേഹം യാക്കോബായക്കാരെ ആഹ്വാനം ചെയ്യുന്നു. സുപ്രീംകോടതിവിധി നടപ്പാക്കാൻ അദ്ദേഹം കേരളാ സർക്കാരിനോട് ആവശ്യപ്പെടുന്നു.

പ.കാതോലിക്കാ ബാവാ തിരുമേനിയുടെ എല്ലാ കുർബ്ബാനകളിലും അദ്ദേഹം ചൊല്ലുന്ന ഹൂത്തോമാ

"സഭയുടെ ഭിത്തിയെ ബലവത്താക്കുക

ശിലമേൽ നിർത്തി

നായകരായോരിടയന്മാരെകാക്കുക...." എന്നതാണ്. അദ്ദേഹത്തിന്റെ സഭാസ്നേഹവും, പ്രതിബദ്ധതയും, ആത്മാർത്ഥതയുമാണിവിടെ പ്രകടമാകുന്നത്.

അദ്ദേഹം ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ല. സുപ്രീംകോടതിവിധി പൂർണ്ണമായും നടപ്പാക്കണം. അങ്ങനെ നടപ്പാക്കിയാൽ മാത്രമെ മലങ്കരസഭയിൽ ശാശ്വത സമാധാനം ഉണ്ടാവുകയുള്ളു എന്നദ്ദേഹം വിശ്വസിക്കുന്നു. പിറ

വവും കോതമംഗലവും മണർകാടും അടക്കം മലങ്കരസഭയിലെ പള്ളികളെല്ലാം 1934-ലെ ഭരണഘടന അനുസരിച്ച് കാതോലിക്കാ ബാവായുടെ (മലങ്കര മെത്രാപ്പോലീത്തായുടെ) ഭണത്തിൻകീഴിൽ വരണം. കാതോലിക്കാ ബാവായുടെ അധികാരത്തിൻകീഴിൽപ്പെട്ട ഭദ്രാസനമെത്രാപ്പോലീത്താമാരും അവർ നിയമിക്കുന്ന വികാരിമാരും ആയിരിക്കണം അതതിടവകകൾ ഭരിക്കേണ്ടത്. ഇപ്പോൾ അത് കയ്യടക്കിവെച്ചിരിക്കുന്ന യാക്കോബായ മെത്രാന്മാരും അവർ നിയമിച്ച വൈദികരും യാതൊരു ഉപാധികളും കൂടാതെ വഴക്കുണ്ടാക്കാതെ ഭരണം ഒഴിഞ്ഞു പുറത്തിറങ്ങിപ്പോകണം. അവർ സമാധാനപരമായി പുറത്തുപോകുന്നില്ലെങ്കിൽ ഗവൺമെന്റ് - പോലീസ് - റവന്യൂ അധികാരികൾ ഇടപെട്ട് അവരെ പുറത്താക്കി പള്ളി ഏറ്റെടുത്ത് മലങ്കരസഭയ്ക്ക് നൽകണം എന്നതാണ് വളരെ വ്യക്തമായ നിലപാട്. പിറവം, വരിക്കോലി തുടങ്ങിയ പള്ളികൾ സംബന്ധിച്ച് മുഖ്യമന്ത്രി പിണറായി വിജയനെ അദ്ദേഹത്തിന്റെ ഔദ്യോഗിക വസതിയിൽ മെത്രാന്മാരുൾപ്പെടെയുള്ള ഒരു നിവേദകസംഘം സന്ദർശിച്ചിരുന്നു. അതിൽ ഞാനും ഉണ്ടായിരുന്നു. സംസാരത്തിനിടയിൽ അദ്ദേഹം ചോദിച്ചത് ഇപ്പോൾ അവർ കൈവശം വെച്ചിരിക്കുന്ന പള്ളികളിൽനിന്ന് അവരെ ബലം പ്രയോഗിച്ച് പുറത്താക്കി ഞാനതു നിങ്ങൾക്കു പിടിച്ചുതരണം അല്ലെ. അതെയെന്ന് ഞങ്ങൾക്ക് മറുപടി പറയേണ്ടിവന്നു.

മലങ്കരസഭയിൽ ശാശ്വത സമാധാനം ഉണ്ടാകണം എന്നു പ.കാതോലിക്കാ ബാവാ പറയുന്നു. തട്ടിക്കൂട്ട് സമാധാനം വേണ്ട എന്ന് അദ്ദേഹം പല ആവർത്തി പറയുന്നുണ്ട്. 2017 ജൂലൈ മൂന്നിലെ സുപ്രീംകോടതിവിധി നടപ്പാക്കുകയാണ് ശാശ്വത സമാധാനത്തിനുള്ള ഒരേ ഒരു മാർഗ്ഗം എന്നാണ് അദ്ദേഹം പറയുന്നത്.

സുപ്രീംകോടതിവിധിക്കപ്പുറം യാതൊരുവിധ ഒത്തുതീർപ്പും വേണ്ട എന്ന് വളരെ കർശനമായി അദ്ദേഹം പറയാറുണ്ട്. കോടതിവിധി നടപ്പാക്കണം എന്നു പറയുന്നതിനോടൊപ്പംതന്നെ വേറൊരു കാര്യവും വ്യക്തമാക്കുന്നുണ്ട് കോടതിവിധി ഓരോ പള്ളിയിലും നടപ്പാക്കണം, കേസുള്ള എല്ലാ പള്ളികൾക്കും 1934-ലെ ഭരണഘടന അനുസരിച്ച് ഓർത്തഡോക്സ് സഭ വികാരിമാരെ നിയമിച്ചിട്ടുണ്ട്. ഭരണഘടന അനുസരിച്ച് ഇടവകാംഗങ്ങളായി തുടരേണ്ട എല്ലാവർക്കും തുടരാം. പൊതുയോഗത്തിൽ പങ്കെടുക്കണമെങ്കിൽ ഭരണഘടന അനുശാസിക്കുന്ന നടപടിക്രമങ്ങൾ പൂർത്തിയാക്കിയിരിക്കണം. എന്നാൽ പാത്രിയർക്കീസ് വിഭാഗത്തിൽപ്പെട്ട വൈദികരെ ആരേയും അവർ ഭരണഘടന അനുസരിച്ചാൽപോലും തൽക്കാലം സ്വീകരിക്കാൻ സാധ്യമല്ല. പാത്രിയർക്കീസ് കക്ഷിയിലെ ഒരു മെത്രാച്ചനെപ്പോലും സ്വീകരിക്കുവാൻ സാധ്യമല്ല. അവർ എവിടെവേണമെങ്കിലും പോകട്ടെ അത് അവരുടെ സ്വാതന്ത്ര്യം നമ്മുക്ക് അവരെ സ്വീകരിക്കുവാൻ സാധ്യമല്ല. "മറുവിഭാഗത്തിലെ മെത്രാന്മാരിൽ ഒരാളെയും സ്വീകരിക്കുവാൻ സാധ്യമല്ല എന്ന് നിങ്ങളുടെ കാതോലിക്കാ വ്യക്തമാക്കിയിട്ടുണ്ടല്ലോ" എന്നും മുഖ്യമന്ത്രി ഒരിക്കൽ പറഞ്ഞു. പാത്രിയർക്കീസ് വിഭാഗത്തിൽപ്പെട്ട എല്ലാ മെത്രാന്മാരെയും വൈദികരെയും ഒഴിവാക്കി 1934 -ലെ ഭരണഘടന അനുസരിച്ച് വിധേയപ്പെട്ടുപോകുവാൻ തയ്യാറല്ലാത്ത ജനങ്ങളെയും അവരുടെ സംഖ്യ ആ പള്ളിയിലെ തൊണ്ണൂറുശതമാനം ആണെങ്കിൽപോലും പൂർണ്ണമായി അനുസരിക്കാൻ തയ്യാറുള്ള ജനങ്ങളെ മാത്രം സ്വീകരിച്ച് പള്ളി 1934-ലെ ഭരണഘടന അനുസരിച്ച് ഓർത്തഡോക്സ് സഭയാൽ നിയമിതനായ വികാരിയുടെ ഭരണത്തിലേക്ക് വരിക എന്നതാണ് ശാശ്വത സമാധാനത്തിനുള്ള ഏകമാർഗ്ഗം എന്നാണ് പ.കാതോലിക്കാ ബാവാ ഉദ്ദേശിക്കുന്നത് എന്നതാണ് എനിക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളത്. എന്റെ ഈ ധാരണയിൽ എന്തെങ്കിലും തെറ്റുണ്ടെന്ന് ആരെങ്കിലും ബോധ്യപ്പെടുത്തിയാൽ അതു തിരുത്തം.

**ഇരുവിഭാഗത്തിലെയും മെത്രാന്മാരുടെ നിലപാട്**

ഇരുവിഭാഗത്തിലുംപെട്ട മെത്രാന്മാരുടെ ഇടയിൽ വ്യത്യസ്ത നിലപാടുകളാണുള്ളത്. ചിലർക്കൊക്കെ വ്യക്തിപരമായി വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ടെങ്കിലും അതതു സഭാനേതൃത്വം സ്വീകരിച്ചിരിക്കുന്ന നിലപാടുകളോട് അവർ യോജിച്ചുപോകുന്നു.

യാക്കോബായ സഭയിലെ ചില മെത്രാന്മാർ ഇപ്പുറത്തേക്ക് ചേരുവാൻ പോരുന്നു. ഇരുവിഭാഗത്തിലേയും ചിലർ ചർച്ചകൾ നടത്തുന്നു എന്നൊക്കെ കിംവദന്തികളുണ്ട്. അതിലൊന്നും യാഥാർത്ഥ്യമില്ല. അതേസമയം സുപ്രീംകോടതിവിധിയുടെ വെളിച്ചത്തിൽ മാന്യമായ ചർച്ചയും ഒത്തുതീർപ്പും ഉണ്ടാകുന്നെങ്കിൽ അതിനോട് അനുകൂലമായി പ്രതികരിക്കണം എന്നു ചിലർ അഭിപ്രായപ്പെടുന്നുണ്ട് എന്നും കേൾക്കുന്നു. ഓർത്തഡോക്സ് സഭയിൽ എല്ലാവരുംതന്നെ കാതോലിക്കാ ബാവാ സ്വീകരിച്ചിരിക്കുന്ന നിലപാടിനോട് യോജിച്ചുപോകുന്നു. നമ്മുടെ തിരുമേനിമാരിൽ കുറച്ചുപേർ അവരുടെ ഒരു മെത്രാനേയും സ്വീകരിക്കാൻ പാടില്ല. ഒരു ഒത്തുതീർപ്പും വേണ്ട. പള്ളികൾ കോടതിവിധി നടപ്പാക്കി പിടിച്ചെടുക്കണം എന്ന അഭിപ്രായക്കാരാണ്. മുപ്പതൊ നാൽപതോ അമ്പതോ വർഷമെടുത്താലും അത്രയും കാലവും കേസുപറഞ്ഞ് അനുകൂലവിധി സമ്പാദിച്ച് അതു നടപ്പാക്കണം എന്ന് അഭിപ്രായമുള്ളവരും ഉണ്ട്. കാരണം 1972-ലാണ് സഭാഭിന്നതയും കേസുകളും ആരംഭിക്കുന്നത്. സുപ്രീംകോടതിയിൽനിന്നുള്ള അതിന്റെ അന്തിമവിധിയാണ് 45 വർഷങ്ങക്കു ശേഷം 2017 ജൂലൈ 3-നുണ്ടായത്. ഇനിയും ഈ വിധി അനുസരിച്ച് ഓരോ പള്ളികളിലും കേസുകൾ കൊടുത്ത് വിധി സമ്പാദിച്ച് നടപ്പിലാക്കണം. ഈ വിധി ഉണ്ടായി രണ്ടുവർഷം കഴിഞ്ഞിട്ടും പത്ത് - ഇരുപത് പള്ളികളുടെ കാര്യത്തിൽ മാത്രമേ തീരുമാനമുണ്ടായിട്ടുള്ളു. ഇനിയും ഇത് നാൽപതോ അമ്പതോ വർഷം തുടർന്നാലും സാരമില്ല സത്യം ജയിക്കണം എന്നാണവർ പറയുന്നത്.

അതേസമയം വേറെ കുറച്ചുപേർ 1958-ലേപ്പോലെ വഴക്കുകൾ ഒഴിവാക്കി സഭായോജിപ്പുണ്ടാകണം, മലങ്കര സഭ വിഭജിക്കപ്പെടരുത് എന്നു ചിന്തിക്കുന്നുണ്ട്. മറുഭാഗത്തെ മെത്രാന്മാരെയും വൈദികരെയും സ്വീകരിക്കണം. അവരുടെ കയ്യിലിരിക്കുന്നത് അവരുടെ കയ്യിലിരുന്നുകൊണ്ട് തന്നെ യോജിച്ച് ഒരു സഭയാകണം, ഒരുസഭ ഒരു പാത്രിയർക്കീസ്, ഒരു കാതോലിക്കാ എന്ന അഭിപ്രായക്കാരാണവർ. അവരുടെ കയ്യിലിരിക്കുന്നത് അവരുടെ കയ്യിലിരിക്കട്ടെ വഴക്കുണ്ടാക്കാൻ പോകണ്ട, ആ രീതിയിൽ സമാധാനം ഉണ്ടാകട്ടെ എന്ന് ചിന്തിക്കുന്ന

വരും ഉണ്ട്. പക്ഷെ ഇവരാരും ഇതൊന്നും ഉറക്കെപറയാൻ തയ്യാറല്ല. പറഞ്ഞ് അതുമൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങൾ നേരിടാനോ വിമർശനങ്ങളും വിവാദങ്ങളും ഉണ്ടാക്കുവാനോ അവർ തയ്യാറല്ല. സുപ്രീകോടതിവിധിക്കുശേഷം മലങ്കരസഭ ഒന്നായിത്തീരണമെന്ന് ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ അഭി.അത്താനാസിയോസ് തിരുമേനി ആഗ്രഹിച്ചിരുന്നു. അദ്ദേഹം അതിനുവേണ്ടി മീറ്റിംഗുകൾ വിളിച്ചുകൂട്ടുകയും പ്രസ്താവനകൾ ഇറക്കുകയും യോജിക്കേണ്ടും സമയമിതാ എന്ന പേരിൽ ഒരു പുസ്തകമിറക്കുകയും വരെ ചെയ്തു. പക്ഷെ അദ്ദേഹം കാലംചെയ്തുപോയി.

**ഇരുവിഭാഗത്തിലുംപെട്ട ജനങ്ങളുടെ അഭിപ്രായം**

ഇക്കഴിഞ്ഞ കാതോലിക്കാദിനാഘോഷങ്ങളുടെ ഭാഗമായി പാമ്പാടി സെന്റ് ജോൺസ് കത്തീഡ്രലിൽ നടന്ന മഹാസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചുകൊണ്ട് പ.കാതോലിക്കാ ബാവാ പറഞ്ഞു "മലങ്കരസഭയിലെ എൺപതുശതമാനം അല്ല തൊണ്ണൂറുശതമാനം ആളുകളും ശാശ്വതസമാധാനം ആഗ്രഹിക്കുന്നു." അതു കഴിഞ്ഞു പ്രസംഗിച്ച ഞാൻ പറഞ്ഞു "തൊണ്ണൂറുശതമാനമല്ല മലങ്കരസഭയിലെ തൊണ്ണൂറ്റി ഒൻപതു ശതമാനം ആളകളും ശാശ്വത സമാധാനം ആഗ്രഹിക്കുന്നു." ഇത് മലങ്കരസഭയിലെ ഇരുവിഭാഗത്തിലുംപെട്ട വിശ്വാസികളുടെ നേർക്കാഴ്ചയാണ്. എന്നാൽ ഇരുവിഭാഗം നേതൃത്വവും എന്തു ചെയ്യുന്നു എന്ന ചോദ്യം പലയിടത്തുനിന്നും ഉയരുന്നു. കോടതിവിധി നടപ്പാക്കണമെന്ന് ഓർത്തഡോക്സ് സഭാനേതൃത്വം ആവശ്യപ്പെടുമ്പോൾ യാക്കോബായ വിഭാഗം സർവ്വശക്തിയും ഉപയോഗിച്ച് പ്രതിരോധം സൃഷ്ടിക്കുന്നു. രണ്ടുകൂട്ടരും സമാധാനം സമാധാനം എന്നു പ്രസംഗിക്കുന്നു. മൃതദേഹം വെച്ച് വിലപേശുന്നു. ശവസംസ്ക്കാരത്തിന് കോടതികയറുന്നു. ഇതിനിടയിലാണ് വിശ്വാസികൾ. ഇരുസഭയായി അംഗീകരിച്ച് സ്നേഹിച്ച് സഹകരിച്ച് വിഭജിച്ച് പിരിയുക മാത്രമാണ് സമാധാനത്തിനുള്ള മാർഗ്ഗമെന്നു ചിലർ പറയുന്നു. വഴക്കുകൾ അവസാനിപ്പിക്കുക അവരവരുടെ കയ്യിലിരിക്കുന്ന പള്ളികളും സ്ഥാപനങ്ങളും അവരവരുടെ കയ്യിൽതന്നെ ഇരിക്കട്ടെ. പാത്രിയർക്കീസിന്റെ അധികാരത്തിൻകീഴിൽ വരാൻ ഓർത്തഡോക്സുകാരും കാതോലിക്കായ്ക്ക് കീഴ്പ്പെടാൻ പാത്രിയർക്കീസുകാരും തയ്യാറല്ല. രണ്ടും രണ്ടുസഭ എന്ന യാഥാർത്ഥ്യം അംഗീകരിക്കണമെന്നാണ് ഇങ്ങനെയുള്ളവർ അഭിപ്രായപ്പെടുന്നത്.

മലങ്കരസഭ വിഭജിക്കപ്പെടുവാനുള്ളതല്ല യോജിച്ച് ഒന്നാകുവാനുള്ളതാണ് എന്നാണ് വേറെ ഒരു വിഭാഗത്തിന്റെ അഭിപ്രായം. "ഭിന്നത പിശാചിന്റെ പ്രവർത്തനമാണ്. യോജിച്ച് ഒന്നാകുവാനാണ് ദൈവം ആഗ്രഹിക്കുന്നതെന്ന്" കാലം ചെയ്ത ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി പറഞ്ഞത് ഇവർ അനുസ്മരിക്കുന്നു. 1958-ലെ സഭായോജിപ്പിന്റെ നേട്ടങ്ങൾ അവർ ചൂണ്ടിക്കാണിക്കുന്നു.

അന്ന് സഭാസമാധാനമുണ്ടായതുകൊണ്ടാണ് പാത്രിയർക്കീസ് പക്ഷത്തായിരുന്ന അങ്കമാലി, കണ്ടനാട്, കൊച്ചി, കോട്ടയം തുടങ്ങി എല്ലാ ഭദ്രാസനങ്ങളിലേയും പള്ളികൾ 1934-ലെ ഭരണഘടനയ്ക്ക് കീഴിൽ വരുന്നത്. അത് ഓർത്തഡോക്സ് സഭയ്ക്ക് വലിയ നേട്ടമായി. അത് ഒന്നുകൊണ്ടുമാത്രമാണ് ഇപ്പോൾ കേസുകൾ ജയിക്കുന്നതും എല്ലാവരും 1934-ലെ ഭരണഘടന അനുസരിക്കണമെന്ന് പറയുന്നതും. മുൻ പാത്രിയർക്കീസ് വിഭാഗത്തിൽപ്പെട്ട പ്രഗത്ഭരായ പല വൈദികരേയും ഓർത്തഡോക്സ് സഭയ്ക്ക് ലഭിച്ചത് 1958-ലെ സഭായോജിപ്പുകൊണ്ടാണ്. പ.ഔഗേൻ ബാവാ പാത്രിയർക്കീസ് കക്ഷിക്കാരനായിരുന്നു. പിന്നീട് സ്വന്തം ബോധ്യത്തിന്റെ വെളിച്ചത്തിൽ അദ്ദേഹം ഓർത്തഡോക്സുകാരനായി. അദ്ദേഹത്തിന്റെ പിന്നാലെ കോനാട്ടച്ചനും ഓർത്തഡോക്സ് സഭയിലേക്ക് വന്നു. മത്തായി നൂറനാലച്ചൻ, വെണ്ടറപ്പള്ളി അച്ചൻ, മണ്ണാറപ്രായിൽ അച്ചൻ, ഇടയനാലച്ചൻ, കോരുത് മല്പാനച്ചൻ, ഏബ്രഹാം മല്പാനച്ചൻ, ചിറത്തലാട്ടച്ചൻ തുടങ്ങിയ അനേക വൈദികർ ഓർത്തഡോക്സ് സഭയിലേക്കു വന്നതു 1958-ലെ സഭായോജിപ്പുകൊണ്ടാണ്. വിരോധാഭാസം എന്നുപറയട്ടെ മുമ്പ് പാത്രിയർക്കീസ് കക്ഷിയിലായിരുന്നിട്ട് ഇപ്പോൾ ഓർത്തഡോക്സുകാരായി തീർന്ന ചിലരാണ് ഇപ്പോൾ പാത്രിയർക്കീസ് കക്ഷിയിൽപ്പെട്ട ആരെയും സ്വീകരിക്കരുതെന്ന കർശന നിലപാട് സ്വീകരിക്കുന്നത്. തെക്കും വടക്കുമുള്ള പല പള്ളികളും യാക്കോബായ പക്ഷത്തുനിന്നു പൂർണ്ണമായും ഓർത്തഡോക്സ് സഭയുടേതായി. 1958 മുതൽ യോജിച്ചുനിന്ന 1972 വരെയുള്ള കാലഘട്ടത്തെ മലങ്കരസഭയുടെ സുവർണ്ണകാലമെന്നാണ് പലരും വിശേഷിപ്പിക്കുന്നത്. സഭയ്ക്ക് രാഷ്ട്രീയ, സാമൂഹ്യരംഗത്തും വിദ്യാഭ്യാസരംഗത്തും അസൂയാവഹമായ പുരോഗതി ഉണ്ടായി. അതിന്റെ മധുരസ്മരണകളിൽ ജീവിക്കുന്നവരും വീണ്ടും അങ്ങനെ ഒരു കാലം ഉണ്ടാകുമെന്ന് സ്വപ്നം കാണുന്നവരും അതിനുവേണ്ടി പ്രാർത്ഥിക്കുന്നവരുമായ അനേകർ സഭയുടെ ഇരുഭാഗത്തും ഉണ്ട്. ആദരണീയ വൈദികരും ഗുരുശ്രേഷ്ഠന്മാരുമായ റ്റി.ജെ.ജോഷ്വാച്ചൻ, കെ.എം.ജോർജ് അച്ചൻ, ജേക്കബ് കുര്യൻ അച്ചൻ, ഒ.തോമസ് അച്ചൻ, സി.സി.ചെറിയാൻ അച്ചൻ തുടങ്ങിയ അനേക വൈദികരും സഭാംഗങ്ങളായ ഐ.എ.എസ്/ഐ.പി.എസ്. ഉദ്യോഗസ്ഥന്മാർ, ഹൈക്കോടതി ജഡ്ജിമാരുൾപ്പെടെയുള്ള ജഡ്ജിമാർ, കോളജ് പ്രിൻസിപ്പാളുമാരടക്കമുള്ള അദ്ധ്യാപകശ്രേഷ്ഠർ, പൊതുസമൂഹം അംഗീകരിച്ചിട്ടുള്ള അനേക സമുദായ നേതാക്കന്മാർ, സഭാംഗങ്ങളായ രാഷ്ട്രീയ-സാമുഹ്യ-സാംസ്ക്കാരിക നേതാക്കന്മാർ ഇവരെല്ലാം മലങ്കരസഭ ഒന്നാകണം, ഭിന്നിച്ച് പോകരുത് എന്നാഗ്രഹിക്കുന്നവരാണ്.

ഇരുവിഭാഗത്തിലുംപെട്ട വേറൊരുകൂട്ടർ ആളുകളുണ്ട്. അവർ ഒരു ഒത്തുതീർപ്പിനും തയ്യാറല്ല. തീവ്രവാദികളെന്നൊക്കെ അവരെ പലരും വിളിക്കാറുണ്ട്. പത്രോസിന്റെ പടക്കുതിരയെന്നും മാർത്തോമ്മായുടെ ചുണക്കുട്ടികളെന്നും ഒക്കെ അവർ അറിയപ്പെടാറുണ്ട്. ഇരുവിഭാഗത്തിലുംപെട്ട സഭാനേതൃത്വത്തോട് തീവ്രമായ കൂറും അചഞ്ചലമായ ഭക്തിയും പുലർത്തുന്നവരാണിവർ. "ചോരതരാം നീരുതരാം......" എന്നതാണ് അവരുടെ മുദ്രാവാക്യം. അവരുടെ ശബ്ദം ഉയർന്നുകേൾക്കുന്നുണ്ട്. ആരെങ്കിലും സമാധാനമെന്ന് ഒരു വാക്കുച്ചരിച്ചാൽ അയാൾ ആരുതന്നെയായിക്കോട്ടെ ഇക്കൂട്ടർ കൊന്ന് കൊലവിളിക്കും. ഇവരുടെ ഇപ്പോഴത്തെ പ്രധാന വിഹാരകേന്ദ്രം സൈബർലോകമാണ്. ഇതിൽ വലിയൊരു കൂട്ടർ വിദേശത്താണ്. ഒരുകൂട്ടർ മേരിക്കുട്ടിയെ വിളിക്കുമ്പോൾ മറ്റേ കൂട്ടർ ലില്ലിക്കുട്ടിയെ വിളിക്കും. സൈബർ പോരാളികളുടെ വാക്ക് എടുക്കുമ്പോൾ ഒന്ന് തൊടുക്കുമ്പോൾ പത്ത്

പോകുന്നവഴി നൂറ് കൊള്ളുന്നത് ശരവർഷം എന്ന അർജ്ജുനന്റെ ഗാഡ്ഢീവശരംപോലെയാണ്. സുപ്രീംകോടതിവിധി നടപ്പാക്കണം, പള്ളികൾ പിടിച്ചെടുക്കണം വേണ്ടിവന്നാൽ പാത്രിയർക്കീസുകാരെ ഒഴിപ്പിക്കാൻ പട്ടാളത്തെതന്നെ വിളിക്കണമെന്ന് ആവശ്യപ്പെടുന്ന ഓർത്തഡോക്സുകാരുമുണ്ട്.

അമ്മയെ മറന്നാലും അന്ത്യോഖ്യയെ മറക്കില്ല. ജീവൻ പോകേണ്ടിവന്നാലും പള്ളികൾ വിട്ടുകൊടുക്കുകയില്ല അവിടെനിന്ന് ഇറങ്ങുകയില്ല എന്നു പറയുന്ന പോരാളികളായ പാത്രിയർക്കീസുകാരുടെ മുദ്രാവാക്യങ്ങൾ ഉയർന്നു കേൾക്കുന്നുണ്ട്.

സുപ്രീംകോടതിവിധി ഉണ്ടായപ്പോൾ പാത്രിയർക്കീസ് വിഭാഗം അക്ഷരാർത്ഥത്തിൽ അങ്കലാപ്പിലായിരുന്നു. ഉടൻ വിധികൾ നടപ്പാക്കേണ്ടിവരുമെന്നും പള്ളികൾ വിട്ടിറങ്ങേണ്ടിവരുമെന്നും അവർ ധരിച്ചിരുന്നു. എന്നാൽ ഇപ്പോൾ അവരിൽ ഒരു ആത്മവിശ്വാസം കാണുന്നുണ്ട്. അവർ സുന്നഹദോസ് കൂടുന്നു. കോടതിവിധി മൂലം ഒരധികാരവും ഇല്ലാതായ പാത്രിയർക്കീസ് എല്ലാ അധികാരവും പ്രയോഗിക്കുന്നത് നിസ്സഹായരായി നോക്കി നിൽക്കുവാനെ ഓർത്തഡോക്സ് സഭയ്ക്ക് സാധിക്കുന്നുള്ളു. പാത്രിയർക്കീസ് ബാവാ തന്നെ നേരിട്ട് സുന്നഹദോസിൽ അദ്ധ്യക്ഷത വഹിക്കുന്നു. അസോസിയേഷൻ കൂടി വൈദികട്രസ്റ്റിയേയും അത്മായട്രസ്റ്റിയേയും സെക്രട്ടറിയേയും മാനേജിംഗ് കമ്മിറ്റിയേയും തെരഞ്ഞെടുത്തു. നിയമപരമായി അതിനെ നേരിടുവാനോ നിരോധിക്കുവാനോ മലങ്കരസഭയ്ക്ക് സാധിച്ചില്ല. മെത്രാപ്പോലീത്തൻട്രസ്റ്റിയേയും കാതോലിക്കായെയും തെരഞ്ഞെടുക്കാനുള്ള നടപടിക്രമങ്ങളുമായി അവർ മുമ്പോട്ടുപോകുന്നു. പാത്രിയർക്കീസ് ഇതിനെല്ലാം അംഗീകാരവും പിന്തുണയും നേതൃത്വവും നൽകുന്നു. അംഗീകാരമില്ലാത്ത സംഘടന സമൂഹം, സൊസൈറ്റി എന്നൊക്കെ ഓർത്തഡോക്സ് സഭയിൽ ചിലരൊക്കെ അവരെ കളിയാക്കുന്നുണ്ടെങ്കിലും കേരളത്തിലെ പൊതുസമൂഹവും സർക്കാരും രാഷ്ട്രീയക്കാരും ഇതരസഭകളും അവരെ ഇവിടുത്തെ ഒരു സഭയായി അംഗീകരിച്ചുപോകുന്നു.

അന്താരാഷ്ട്രതലത്തിലും എക്യുമെനിക്കൽ മേഖലകളിലും അവർക്കുവേണ്ട സ്ഥാനവും സ്വാധീനവും ഉണ്ട് എന്നതിന് സംശയമില്ല. എക്യുമെനിക്കൽ പ്രോട്ടോകോൾ അനുസരിച്ച് അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സ്ഥാനം വളരെ ഉന്നതമാണ്. പാത്രിയർക്കീസ് ബാവായുടെ ഇപ്പോഴത്തെ സന്ദർശനം പാത്രിയർക്കീസ് വിഭാഗത്തിന് ഉദ്ദേശിച്ചതിലും അധികം ഊർജ്ജം പകർന്നുനൽകിയിട്ടുണ്ട്.

**ഉപസംഹാരം**

ഇരുവിഭാഗത്തിലുംപെട്ട കുറച്ചുപേർക്കു മാത്രമേ കേസുകൾ തുടർന്നുകൊണ്ടുപോകുന്നതിലും വഴക്കുകൾ തുടരുന്നതിലും താൽപര്യമുള്ളു. മഹാഭൂരിപക്ഷം ചെറുപ്പക്കാരും ഇതിന് എതിരാണ്. അഞ്ഞൂറു വീട്ടുകാരുള്ള ഒരിടവകയിൽ ഇരുപതോ മുപ്പതോ ചെറുപ്പക്കാർ മാത്രമെ യുവജനപ്രസ്ഥാനത്തിലും സംഘടനകളിലും മറ്റും അംഗങ്ങളായി ചേരുകയുള്ളു. അവരിൽതന്നെ പകുതിയിൽതാഴെ അംഗങ്ങളെ കേസിനോടും മറ്റും താൽപര്യം കാണിക്കുന്നുള്ളു. പ്രശ്നബാധിതമായ ചിലയിടങ്ങളിൽ കൂടുതൽ ആളുകളുണ്ടെന്നുള്ള കാര്യം വിസ്മരിക്കുന്നില്ല. ഒരു കാര്യം വ്യക്തമാണ്. ഭൂരിപക്ഷം ചെറുപ്പക്കാരും ഇതിനെതിരാണ്. അതുമൂലം പള്ളിയിൽ വരാത്തവർപോലുമുണ്ട്. യുവജനസംഘടനകളുടെ നേതൃത്വത്തിൽ സഭയിലുള്ള മുഴുവൻ യുവാക്കളെയും ഉൾപ്പെടുത്തി സഭയ്ക്കുള്ളിൽതന്നെ ഒരു സർവ്വേ നടത്തിനോക്കിയാൽ ഫലം അറിയാം.

ഇരുവിഭാഗം സഭാനേതൃത്വങ്ങളും കണ്ണുതുറന്നു കാണേണ്ട വേറൊരു കാര്യം ഉണ്ട്. കോലഞ്ചേരിയിൽ എം. വൈ.യോഹന്നാൻ സാറിന്റെ നേതൃത്വത്തിലുള്ള പ്രാർത്ഥന ആരംഭിച്ചിട്ട് കുറേ വർഷങ്ങളായി. ഓർത്തഡോക്സ് – യാക്കോബായ സഭാംഗങ്ങളായ വളരെയധികം ആളുകൾ ഈ പ്രാർത്ഥനാസംഗമങ്ങളിൽ പങ്കെടുക്കുന്നുണ്ട്. ആ പ്രാർത്ഥനാഗ്രൂപ്പ് അവരുടെ പ്രവർത്തനം മലയോരമേഖലകളിലേക്കും വയനാട്ടിലേക്കും ഒക്കെ വ്യാപിപ്പിച്ചിട്ടുണ്ട്. ഓർത്തഡോക്സ് – യാക്കോബായ നേതൃത്വങ്ങളും സുന്നഹദോസുകളും ഇതിനെതിരെ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെടുന്നുണ്ടെങ്കിലും കാര്യമായി ഒന്നും നടന്നിട്ടില്ല. അവർ അനുദിനം വളരുന്നു എന്നാണറിയുന്നത്. ഇരുവിഭാഗത്തിലെയും ചില തിരുമേനിമാർ അവരെ ശക്തമായി എതിർക്കുന്നുണ്ട്. ചിലർ പിന്തുണയ്ക്കുന്നുമുണ്ട്. അതിനു ബദലായി പല പരിപാടികളും ആവിഷ്ക്കരിച്ചിട്ടുമുണ്ട്.

കോലഞ്ചേരി, കടമറ്റം പ്രദേശങ്ങൾ ഓർത്തഡോക്സ് – യാക്കോബായ സഭാവിശ്വാസത്തിന്റെ ശക്തികേന്ദ്രങ്ങളാണ്. നാലാം നൂറ്റാണ്ടുമുതലെങ്കിലും മലങ്കര നസ്രാണികളുടെ ശക്തികേന്ദ്രങ്ങളാണ് ആ പ്രദേശങ്ങൾ. ഉദയംപേരൂർ സുന്നഹദോസിനും അതിനുശേഷമുണ്ടായ കരണംമറിച്ചിലുകൾക്കും ആ പ്രദേശങ്ങളിൽ സ്വാധീനം ചെലുത്താൻ സാധിച്ചിട്ടില്ല. മാർത്തോമ്മാ മെത്രാന്മാരും മലങ്കരയിലെ ഒന്നാമത്തെ കാതോലിക്കായും അവിടെ നിന്നായിരുന്നു. ഇതരസഭാവിശ്വാസങ്ങൾക്കൊന്നും സ്വാധീനം ചെലുത്താൻ സാധിക്കാതെയിരുന്ന മലങ്കരസഭയുടെ ശക്തികേന്ദ്രം. കോലഞ്ചേരിക്കും കടമറ്റത്തിനും ചുറ്റിലുമായി ഇപ്പോൾ ഇരുപത്തിയഞ്ചോളം പെന്തക്കോസ്ത് പ്രാർത്ഥനാലയങ്ങളുണ്ട്. ഇവിടെ പോകുന്ന സഹോദരന്മാരാരും നിരണത്തുനിന്നോ തുമ്പമണ്ണിൽനിന്നോ കോട്ടയത്തുനിന്നോ ഉള്ളവരോ പരദേശത്തുനിന്ന് വന്നുപാർക്കുന്നവരോ അല്ല, മറിച്ച് ആ പ്രദേശങ്ങളിൽനിന്നുതന്നെ ഉള്ള ഓർത്തഡോക്സ് – യാക്കോബായക്കാരാണ്.

മൂവാറ്റുപുഴയിൽ മലങ്കര റീത്തിന്റെ പുതിയ മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണ വാർത്ത മാധ്യമങ്ങളിലൊക്കെ വലിയ പ്രാധാന്യത്തോടെ പ്രത്യക്ഷപ്പെട്ടു. പുതിയ അതിരൂപതയിലെ ഭൂരിപക്ഷം ആളുകളും പുതുതായി മാർഗ്ഗംകൂടിയവരല്ല എന്ന തിരിച്ചറിവും വീറോടും വാശിയോടുംകൂടെ കേസുകൾ നടത്തുന്ന നമ്മുടെ സഭകൾക്കുണ്ടാവണം. അനന്തമായ നിയമയുദ്ധം നീളുന്നത് തീർച്ചയായും പ്രശ്നങ്ങൾ വഷളാക്കുകയേയുള്ളു. ഇരുസഭാവിഭാഗങ്ങളും പൊതുസമൂഹത്തിന്റെ മുമ്പിൽ അപഹാസ്യരാകുന്നു. മലങ്കരസഭ ബലഹീനമാകുന്നു വീണ്ടും വിഭജിതമാകുന്നു എന്ന യാഥാർത്ഥ്യം മനസ്സിലാക്കുവാനുള്ള ദൈവകൃപ (ഇരുവിഭാഗങ്ങളിലുമുള്ള) സഭാമാനേജിംഗ് കമ്മിറ്റി അംഗങ്ങൾക്കും സുന്നഹദോസ് അംഗങ്ങൾക്കും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.